## പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 113    18.03.2013- ൽ മറുപടിക്ക്**

**വരൾച്ചാ ദുരിതം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുള്ള പാക്കേജ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാജു | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | വരൾച്ചാ ദുരിതം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയുടെ പാക്കേജാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായുള്ള മെമ്മോറാണ്ടത്തിനു പുറമെ 3936.81 കോടി രൂപയുടെ പ്രത്യേക ധനസഹായ പാക്കേജാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാക്കേജിൽ വൈദ്യുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എത്ര കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | വരൾച്ചാ നാശനഷ്ടം വിലയിരുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് വിദഗ്ദ്ധസംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 16.10.2012 മുതൽ 19.10.2012 വരെ 9 അംഗ കേന്ദ്ര സംഘം വയനാട്, കൊല്ലം, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകൾ സന്ദർശിച്ചിരുന്നു. എല്ലാ ജില്ലകളെയും വരൾച്ച ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ 17.03.2013 ന് വീണ്ടും കേന്ദ്ര സംഘം വരൾച്ചാ നാശനഷ്ടം വിലയിരുത്തുന്നതിന് സംസ്ഥാനം സന്ദർശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ